QP CODE: 20101220

20101220

Reg No : ....................

Name : ....................

# B A DEGREE (CBCS) EXAMINATION, NOVEMBER 2020

## Second Semester

B.A Malayalam Language and Literature Model I

**Complementary Course - ML2CMT03 - ആധുനിക ലോക കവിത**

2017 ADMISSION ONWARDS

D77D25C3

**Instructions to Private candidates only**: This question paper contains **two sections**. Answer SECTION I questions in the answer-book provided. SECTION II Internal Examination questions must be answered in the question paper itself. Follow the detailed instructions given under SECTION II.

SECTION I

Time: 3 Hours Max. Marks : 80

**പാർട്ട് എ**

അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യത്തിന് ഉത്തരമെഴുതുക.
ഓരോ ചോദ്യത്തിനും *2* മാർക്ക് വീതം.

'

1. ഉയരെപ്പറന്നവൻ നൊണ്ടിയായ് ചമഞ്ഞപ്പോൾ
മുടന്തിക്കാട്ടിക്കളിയാക്കുകയാണിങ്ങന്യൻ' - വിവക്ഷിതം വിശദമാക്കുക.

2. 'ഞാനൊരുനാളിലുണരുമ്പൊഴേക്കിവ
ദൂരെദൂരേക്കു പറന്നുപൊയ്പ്പോയിടാം' – എന്തിനെക്കുറിച്ചാണ് പരാമർശം? സന്ദർഭം വിശദമാക്കുക.

3. 'വീതിയൊട്ടുമില്ലാത്ത ചുമരൊന്നിനാൽമാത്രം
വേർപെട്ടിരിപ്പൂ നമ്മൾ' - ആശയം വിശദമാക്കുക.

4. 'അതുനൽകുന്ന ദുഃഖത്തിന്റെ അളവിനെപ്പറ്റി
അവർക്കൊരു ബോധവും ഇല്ല' – ആരെക്കുറിച്ചാണ് പരാമർശം? സന്ദർഭം ഏത്?

5. 'കളി ' എന്ന കവിതാശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക.

6. 'നൂറുവർഷമായിതു വായ്ച്ചതു തിടുക്കാർന്ന
കോടാലിക്കിരയാവാൻ മാത്രമായിരുന്നല്ലോ' – സന്ദർഭവും ആശയവും പരിശോധിക്കുക.

7. 'എതിർകവിതയുടെ പിതാവ് 'എന്ന് നിക്കനോർ പാർറ അറിയപ്പെടാനുള്ള കാരണമെന്ത്?

8. 'വേരുകൾ തേടി ചോരയും ഉപ്പുനീരുമിറങ്ങിപ്പോയ്, വരണ്ട മണൽത്തിട്ട് ഞാൻ' - ആശയം വിശദമാക്കുക.

9. 'ഞാനിനിയും കാത്തിരിക്കുകയില്ല, ഞാനാണു കാത്തിരിക്കപ്പെടുന്നവൻ' - വിവക്ഷിതം വിശദമാക്കുക.

10. എന്നാലൊരിക്കലും എനിക്കു മനസ്സിലാവാത്തത്
ഇതെഴുതിക്കൂട്ടുന്ന ജന്തുവിനെയാണ് – ഈ വരികളിലൂടെ പ്രകടമാകുന്ന വൈകാരികതലം പരിശോധിക്കുക.

11. 'എന്നിട്ടുമെന്താണ് അത് നിന്നിൽ ബാഷ്പമായ് പോകുന്നത്?' – ആരുടേതാണീ വരികൾ? എന്തിനെക്കുറിച്ചാണ് പരാമർശം?

12. 'നിർത്താതെ പൊഴിഞ്ഞുകൊണ്ടിരിപ്പൂ പൂമൊട്ടുകൾ
നിർത്താതെ കൂവിക്കൊണ്ടേയിരിപ്പൂ കുയിലുകൾ' - സന്ദർഭം വിശദമാക്കുക.

(10×2=20)

## പാർട്ട് ബി

ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും *5* മാർക്ക് വീതം.

13. പ്രണയത്തിന്റെ വിവിധതലങ്ങളെ ‘സ്മരണ’ എന്ന കവിതയിൽ ചിത്രീകരിക്കുന്നതെങ്ങനെ?
14. മറീന സ്വെറ്റെയ് വയുടെ വ്യക്ത്യനുഭവങ്ങൾ ‘കണ്ടുമുട്ടൽ’ എന്ന കവിതയിൽ ആവിഷ്ക്കൃതമാകുന്നതെങ്ങനെ?
15. നശ്വരമായ ഒരു കരത്തിന്റെ പ്രതികാരമായി 'രചനയുടെ ആനന്ദം' മാറുന്നത് എങ്ങനെയെല്ലാമാണ് ?
16. ‘മറ്റെങ്ങോ അനശ്വരചൈതന്യവുമായി, അവ ജീവിച്ചിരിക്കുന്നു, അതാകാം -
ഇവിടെ അവ തണുത്തു നിശ്ചേഷ്ടമായിരിക്കുന്നത് ’ – വിവക്ഷിതം വിശദമാക്കുക.
17. തന്റെ മരണത്തെക്കുറിച്ചുള്ള മുന്നറിവുകൾ സെസാർ വയെഹോ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ?
18. ‘നഗ്നയായവളേ, കറുത്തവളേ, പാടുന്നൂ ഞാൻ’ - ആരെപ്പറ്റിയാണ് കവി പാടുന്നത്? എന്താണ് പാടുന്നത്?
19. ‘എന്റെ അമ്മയോട് ’എന്ന കാവ്യശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക.
20. മനുഷ്യകേന്ദ്രിതമായ കാഴ്ചയുടെ പരിമിതികളെ ഷുന്താരോ താനികാവ അടയാളപ്പെടുത്തുന്നതെങ്ങനെ?
21. ആധുനികത കാവ്യഭാഷയിലുണ്ടാക്കിയ പരിവർത്തനങ്ങൾ വിലയിരുത്തുക.

(6×5=30)

## പാർട്ട് സി

നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും *15* മാർക്ക് വീതം.

22. ആവിഷ്കാരശൈലിയിലും ജീവിതവീക്ഷണത്തിലും ഫെർണാണ്ടോ പെസ്സോവയുടെ കവിതകൾ പുലർത്തുന്ന വൈവിധ്യങ്ങൾ ‘നാലു കവിതകൾ’ മുൻനിർത്തി പരിശോധിക്കുക.
23. മനുഷ്യന്റെ അത്യാഗ്രഹത്തെയും അത് പരിസ്ഥിതിക്ക് വരുത്തുന്ന വിനാശത്തെയും
വിപരീതഹാസ്യത്തിലൂടെ ആവിഷ്കരിക്കുന്ന കവിതയാണ് നിക്കോളാസ് ഗിയേനിന്റെ ‘വില്ക്കാൻ പറ്റുമോ?’ –
വിലയിരുത്തുക.
24. പാലസ്തീനിയൻ രാഷ്ട്രീയാന്തരീക്ഷത്തിൽ അരക്ഷിതവും ഭയാനകവുമായിത്തീരുന്ന മനുഷ്യാവസ്ഥയെയും
സർഗ്ഗാത്മകജീവിതത്തെയും
കുറിച്ചുള്ള ശക്തമായ രാഷ്ട്രീയകവിതയായി ‘വ്യാഖ്യാനങ്ങൾ’ മാറുന്നതെങ്ങനെ?
25. കറുത്തകവിതയുടെ വൈവിധ്യം പാഠഭാഗത്തെ കവിതകളെ മുൻനിർത്തി പരിശോധിക്കുക.

(2×15=30)